LIBRARY ARCHIVES Kerala Legislative Assembly

കോവളം ടൂറിസം വികസനം

133(425) ശ്രീ. എൻ. ശക്തൻ :

ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ കോവളത്തെ നിർമ്മാണ പ്രവർത്തനങ്ങൾ മൂലമുണ്ടായത് ഇവിടെയെത്തുന്ന വിദേശ ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഈ പ്രദേശത്ത് എന്തൊക്കെ വികസന പ്രവർത്തനങ്ങളും നിർമ്മാണങ്ങളുമാണ് നടത്തിവരുന്നത്; ഇവ അനിശ്ചിതമായി നീണ്ടു പോകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇവിടെ ടൂറിസം വികസനത്തിന്റെ ഭാഗമായി തുടങ്ങിവച്ച പദ്ധതിയായ ടൂറിസം ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) കോവളം ടൂറിസം മേഖലയിലെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കോവളത്തിന് സമീപം ടൂറിസം വകുപ്പ് ഇപ്പോൾ ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനം നടത്തി വരുന്നു. പണി എടുത്തിരുന്ന കോൺട്രാക്ടറുടെ ഭാഗത്തു നിന്നും ഉണ്ടായ ഉദാസീനത മൂലമാണ് പ്രവർത്തനങ്ങൾ മന്ദഗതിയിലായത്. എന്നാൽ 2011 ഫെബ്രുവരിയിൽ പൂർത്തിയാകത്തക്കതരത്തിൽ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) ടൂറിസം ഡയറക്ടർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിന്റെ ടൂറിസം വളർച്ചയ്ക്ക് മാസ്റ്റർ പ്ലാൻ

134 (426) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വലിയതോതിലുള്ള വളർച്ചയ്ക്ക് ടൂറിസം രംഗം പരിപോഷിപ്പിക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ ടൂറിസം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;